(ബി) ഇനിയും നടപ്പാക്കാതെ കിടക്കുന്ന ഡിപ്പാർട്ട്മെണ്ടുകൾ എന്നത്തേക്ക് സംയോജിപ്പിക്കും;

(സി) സംയോജനം സംബന്ധിച്ചു ജീവനക്കാരുടെ പരാതികൾ പരിശീലിച്ചുശേഷമേ അവ നടപ്പാക്കിയിട്ടുള്ളോ;

(ഡി) സംയോജനത്തിനാവശ്യമായിരുന്നുവാക്കിച്ചു ഗ്രേഡേഷൻ ലിസ്റ്റിൽ പിശകുകൾ ഉണ്ടെന്നു പരാതി ഉണ്ടായിട്ടുണ്ടോ; അവ പരിശോധിച്ചു ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) സർവ്വീസ് സംയോജനം നടപ്പിൽ വരുത്തി കഴിഞ്ഞിട്ടില്ല.

(ബി) അധികം താമസിക്കാതെ.

(സി) ഉദിക്കുന്നില്ല.

(ഡി) ഗ്രേഡേഷൻ ലിസ്റ്റിൽ പിശകുകൾ ഉണ്ടെങ്കിൽ അവ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അനേക്ഷിച്ചു വേണ്ടതു് ചെയ്തശേഷമേ അവ നടപ്പിൽ വരുത്തുകയുള്ളൂ.

കമ്മ്യൂണിസ്റ്റുകാർ

*൪൯. (൫൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഇപ്പോൾ എത്ര കമ്മ്യൂണിസ്റ്റുകാരെ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ടു്.

(ബി) അവരെ മോചിപ്പിക്കുന്നതിനു് വല്ല ആലോചനയും ഉണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൫.

(ബി) ഇല്ല.

കുടുംബ അലവൻസു്

*൪൨. (൫൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ജയിലിൽ താമസിപ്പിച്ചിരിക്കുന്ന ആർക്കെങ്കിലും കുടുംബ അലവൻസു് കൊടുക്കുന്നുണ്ടോ;

(ബി) കൊടുക്കുന്നുണ്ടെങ്കിൽ അതിനുള്ള മാനദണ്ഡമെന്താണു്;

(സി) ആ ഇനത്തിൽ ഒരു കൊല്ലത്തിൽ ഗവൺമെണ്ടിനു് എത്ര ചെലവു വരുന്നുണ്ടു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) തടവിലാക്കപ്പെട്ടവരുടെ കുടുംബസ്ഥിതിയും ആശ്രിതരുടെ ആവശ്യകതയും മറ്റുമാണു്.

(സി) ക. ൪൨ ൦.

ഡിസ്പെൻസറി

*൪൩. (൫൪) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഗവൺമെണ്ടു് ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനു് കിട്ടിയിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം ഇനിയും അനുവദിക്കാനുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുന്നത്തുനാട്ട താലൂക്ക കോതകുളങ്ങര പകുതി തുറവൂർ എന്ന സ്ഥലത്തുനിന്നും ഒരു ഡിസ്പൻസറി സ്ഥാപിച്ചു കിട്ടുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) അതിനു എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): -

(എ) രണ്ടു അപേക്ഷകളെക്കുറിച്ചു് ഇനിയും തീരുമാനമെടുക്കേണ്ടതായിട്ടുണ്ടു്. അതിൽ ഏതുയെണ്ണം അനുവദിക്കപ്പെട്ടുമെന്നു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(ബി) ഉണ്ടു്.

(സി) കാലടി ഡിസ്പൻസറി അങ്കമാലിയിലേക്കു് മാറ്റുവാനുള്ള ഒരാലോചനയുണ്ടു്. ഇപ്രകാരം ചെയ്യുകയാണെങ്കിൽ അങ്കമാലിക്കടുത്തുള്ള തുറവൂർ ഒരു ഡിസ്പൻസറിയുടെ ആവശ്യമുണ്ടാകില്ല. ഇതിനെക്കുറിച്ചു് ഗവണ്മെണ്ടു് ആലോചിക്കുകയാണു്.

ഡെറാന്യു തടവുകാർ

*൪൪ (൫൪) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു ഇപ്പോൾ എത്ര ഡെറാന്യു തടവുകാരുണ്ടെന്നും, അവർക്കു മറ്റു തടവുകാരെ അപേക്ഷിച്ചു എന്തെല്ലാം കൂടുതൽ സൌജന്യങ്ങൾ നൽകുന്നു എന്നും പറയുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇപ്പോൾ ൨൯ ഡെറാന്യു തടവുകാരുണ്ടു്. അവർക്കു് Security Prisoner's Order അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടു്.

പുന്നപ്ര വയലാർ കേസ്സു്

*൪൪. (൫൬) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

പുന്നപ്ര വയലാർ കേസുകളിൽ അവസാന തീരുമാനം ചെയ്യാത്ത എത്ര കേസുകളുണ്ടെന്നും കേസുകൾ ഇപ്രകാരം നീണ്ടു കൊണ്ടുപോകുവാനുള്ള കാരണം എന്താണെന്നും പറയുമോ?

ചീഫ് മിനിസ്റ്റർ ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടു കേസുകൾ—ക്രൈം നമ്പർ ൪൫/൫൨, ആലപ്പുഴ സൌത്തു് പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ ൫൪/൫൨, ചേർത്തല പോലീസ് സ്റ്റേഷൻ)—ഒളിവിലിരുന്ന പ്രതികളെ ഈയിടെ അറസ്റ്റു ചെയ്തിട്ടുള്ളു. അവരുടെ പേരിൽ സപ്ലിമെന്ററി ചാർജ്ജുകൾ ചുമത്തി കേസ്സുകൾ വിചാരണയിൽ ഇരിക്കുന്നു.

JUDGES OF THE HIGH COURT

*46. (59) **Sri. Eapen Arackel:** Will the Hon'ble Chief Minister be pleased to state:

(*a*) is it true that correspondence is going on or has been going on between the Central Government and this Government with respect to the question of the removal of any Judge or Judges of the High Court.

(*b*) if so, will the Government be pleased to state the name or names of such Judge or Judges;

LIBRARY ARCHIVES Kerala Legislative Assembly